ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 09.01.2026**

## പ്രധാനവാർത്തകൾ

1. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ നാളെ കേരളത്തിലെത്തും. തിരുവനന്തപുരത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും.

2. കോട്ടയം പുതുപ്പള്ളി ദേശീയ റബ്ബർ പരിശീലന കേന്ദ്രത്തിൻറെ രജത ജൂബിലി ആഘോഷങ്ങൾ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്തു.

3. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ നാളെ വിരമിക്കും. ഫുൾ കോർട്ട് റഫറൻസിലൂടെ ഹൈക്കോടതിയിൽ ഇന്ന് യാത്രയയപ്പ്.

4. ആലപ്പുഴയിൽ വീണ്ടും പക്ഷിപ്പനി സ്ഥിരീകരിച്ചു. പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതം.

5. പാൽ ഉൽപ്പാദനത്തിൽ കേരളം അതിവേഗം സ്വയം പര്യാപ്തതയിലേക്ക് കുതിക്കുകയാണെന്ന് മന്ത്രി ജെ. ചിഞ്ചുറാണി.

6. വനിതാ പ്രീമിയർ ലീഗ് നാലാം സീസണിന് ഇന്ന് തുടക്കം. ആദ്യ മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവും മുംബൈ ഇന്ത്യൻസും ഏറ്റുമുട്ടും.

*******************************************

RNU TVPM

## അമിത് ഷാ - കേരളം

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനായി നാളെ കേരളത്തിലെത്തും. ഞായറാഴ്ച തിരുവനന്തപുരത്ത് നടക്കുന്ന ബി.ജെ.പി യോഗങ്ങളിലും, കേരള കൗമുദി കോൺക്ലേവിലും അദ്ദേഹം പങ്കെടുക്കും.

****************************

## രജത ജൂബിലി - ജോർജ് കുര്യൻ

കോട്ടയം പുതുപ്പള്ളി ദേശീയ റബ്ബർ പരിശീലന കേന്ദ്രത്തിൻറെ രജത ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ നിർവ്വഹിച്ചു. രജത ജൂബിലിയുടെ സ്മാരകവും അദ്ദേഹം അനാവരണം ചെയ്തു. റബ്ബർ മേഖലയുമായി ബന്ധപ്പെട്ട് നാഗാലാൻഡുമായുള്ള ധാരണപത്രം ചടങ്ങിൽ ഒപ്പുവെച്ചു. ഉച്ചയ്ക്ക് ശേഷം കോട്ടയം വാഴൂർ സെൻറ് പോൾസ് ഹൈസ്കൂളിൻറെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിലും ശ്രീ.ജോർജ്ജ് കുര്യൻ പങ്കെടുക്കും.

RNU TVPM

****************************

## ഹൈക്കോടതി ചീഫ് ജസ്റ്റിസ്

കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ നാളെ വിരമിക്കും. ഹൈക്കോടതിയിൽ ഇന്ന് ഉച്ചകഴിഞ്ഞ് ഫുൾ കോർട്ട് റഫറൻസിലൂടെ യാത്രയയപ്പ് നല്കും.ബോംബെ ഹൈക്കോടതിയിൽ സീനിയർ ജഡ്ജിയായിരിക്കെ 2024 -ലാണ് അദ്ദേഹം ചീഫ് ജസ്റ്റിസ് ആയി ചുമതലയേറ്റത്. പുതിയ ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സൗമെൻ സെൻ ചുമതലയേൽക്കും.

****************************

## എസ്.ഐ.ആർ

സംസ്ഥാനത്ത് എസ്.ഐ.ആറുമായി ബന്ധപ്പെട്ട് വിഐപി-പ്രവാസി വോട്ടർമാർക്ക് നേരിട്ട് ഹിയറിങ്ങിന് ഹാജരാകാതെ തന്നെ രേഖകൾ സമർപ്പിച്ച് വേരിഫിക്കേഷൻ പ്രക്രിയ പൂർത്തിയാക്കാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. രേഖകളുടെ കാര്യത്തിൽ തൃപ്തരെങ്കിൽ നടപടി പൂർത്തിയാക്കാനുള്ള അധികാരം ERO, A.E.R.O മാരിൽ നിക്ഷിപ്തമാണ്. കരട് വോട്ടർപട്ടികയിൻ മേലുള്ള പരാതികൾ ഈ മാസം 22 വരെ സമർപ്പിക്കാം.

****************************

## എൽ ഡി എഫ് യോഗം

എൽ ഡി എഫ് യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. എകെജി സെൻററിലാണ് യോഗം. തദ്ദേശ തിരഞ്ഞെടുപ്പ് ഫലം, നിയമസഭാ തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ എന്നിവ യോഗത്തിൽ ചർച്ച ചെയ്യുമെന്നാണ് സൂചന.

RNU TVPM

****************************

## സ്കൂൾ ബാഗ് (ഇൻട്രോ)

സ്കൂൾ ബാഗിൻറെ ഭാരം കുറയ്ക്കാനും 'ക്ലാസുകളിലെ ബാക്ക് ബെഞ്ചേഴ്സ്' ഒഴിവാക്കാനുമുള്ള നടപടിയുമായി സംസ്ഥാന സർക്കാർ. ഈ നിർദേശങ്ങൾ നടപ്പാക്കുന്നതിനുള്ള കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ കരട് റിപ്പോർട്ടിന് അംഗീകാരം നൽകി.

**ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി റെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്........**

(വോയ്സ്)

****************************

## ജെ ചിഞ്ചുറാണി

പാൽ ഉൽപ്പാദനത്തിൽ കേരളം അതിവേഗം സ്വയം പര്യാപ്തയിലേക്ക് കുതിക്കുകയാണെന്ന് മന്ത്രി ജെ ചിഞ്ചുറാണി. സതേൺ ഡെയറി ആന്റ് ഫുഡ് കോൺക്ലേവിന്റെ ഔപചാരിക ഉദ്ഘാടനം കോഴിക്കോട് നിർവഹിക്കുകയായിരുന്നു മന്ത്രി. ഉൽപ്പാദനക്ഷമതയിൽ കേരളം രണ്ടാം സ്ഥാനത്താണെന്നും ശ്രീമതി ചിഞ്ചുറാണി പറഞ്ഞു. തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ്, തെലുങ്കാന, പോണ്ടിച്ചേരി എന്നിവിടങ്ങളിലെ ക്ഷീര വികസന മന്ത്രിമാരും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

******************************

## റെയിൽ സേവ പുരസ്കാരം

70-ാമത് അതിവിശിഷ്ട് റെയിൽ സേവ പുരസ്കാരം കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് വിതരണം ചെയ്യും.100 റെയിൽവേ ഉദ്യോഗസ്ഥർക്കും മികച്ച റെയിൽവേ സോണുകൾക്കുള്ള 26 പുരസ്കാരങ്ങളുമാണ് സമ്മാനിക്കുക. മഹാകുംഭ് ഉൾപ്പെടെയുള്ള ഘട്ടങ്ങളിൽ സുരക്ഷിതവും തടസരഹിതവുമായ യാത്ര ഉറപ്പാക്കിയ ഉദ്യോഗസ്ഥർക്ക് പുരസ്കാരങ്ങൾ സമ്മാനിക്കും. ഇതിൻറെ ഭാഗമായി തിരുവനന്തപുരം റെയിൽവെ ഡിവിഷനിൽ നടന്ന ചടങ്ങിൽ 29 ജീവനക്കാരെ ആദരിച്ചു.

RNUTVPM

******************************

## വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗ്

രണ്ടാമത് വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് തുടക്കം. നാലു ദിവസത്തെ പരിപാടിയിൽ കേരളത്തിൽ നിന്നുള്ള 60 അംഗ സംഘം ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള യുവജനങ്ങൾ

പങ്കെടുക്കും. ഈ മാസം 12 ന് സമാപന സമ്മേളനത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

*****************************

## പ്രവാസി ഭാരതീയ ദിനം

ഇന്ന് പ്രവാസി ഭാരതീയ ദിനം. 1915-ൽ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിലേക്ക് മടങ്ങിയെത്തിയതിൻറെ സ്മരണയ്ക്കായാണ് ജനുവരി ഒൻപത് പ്രവാസി ഭാരതീയ ദിനമായി ആചരിക്കുന്നത്. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ത്യൻ പ്രവാസി സമൂഹത്തിന് ആശംസകൾ നേർന്നു.

*****************************

## പ്രഗതി സംരംഭം

രാജ്യത്ത് സമയബന്ധിതമായ പദ്ധതി നിർവ്വഹണം ഉറപ്പാക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി 2015-ൽ തുടക്കം കുറിച്ച പ്രഗതി സംരംഭത്തിൻറെ 50-ാമത് യോഗം വിജയകരമായി നടന്നു. നിരവധി അടിസ്ഥാന സൗകര്യ പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിൽ പ്രഗതി നിർണായ പങ്ക് വഹിച്ചിട്ടുണ്ട്. ഊർജ മേഖലയിൽ പ്രഗതി പ്ലാറ്റ്ഫോം സുപ്രധാന സംഭാവനകളാണ് നൽകിയത്. 10.53 ലക്ഷം കോടി രൂപയുടെ 237 വൈദ്യുതി പദ്ധതികളാണ് അവലോകനം ചെയ്തത്.

*****************************

## സുരേഷ് ഗോപി - കോഴിക്കോട്

കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഇന്ന് കോഴിക്കോട് റെയിൽവേ സ്റ്റേഷൻ സന്ദർശിക്കും. വൈകുന്നേരം 4.15 നാണ് സന്ദർശനം.

RNUTVPM

റെയിൽവേ സ്റ്റേഷനിലെ നവീകരണ പ്രവൃത്തികൾ അദ്ദേഹം വിലയിരുത്തും.

******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

******************************

## പുസ്തകോത്സവം

ചർച്ചകളും പുസ്തക പ്രകാശനങ്ങളും കലാപരിപാടികളുമായി കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോൽസവം മികച്ച ജനപങ്കാളിത്തത്തോടെ തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. പുസ്തകോൽസവത്തിന്റെ ഭാഗമായി സെക്രട്ടറിയറ്റിലെ പഴയ നിയമസഭാ മന്ദിരത്തിൽ വിദ്യാർത്ഥികൾക്കായി മാതൃകാ നിയമസഭ സംഘടിപ്പിച്ചു. വിവിധ പാനൽ ചർച്ചകൾക്കും തുടക്കമായി. വൈകിട്ട് അഞ്ചു മണി മുതൽ വിവിധ കലാപരിപാടികളും നടക്കും.

RNU TVPM

******************************

## പ്രത്യേക ചർച്ചകൾ

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. ദേശീയ വിദ്യാഭ്യാസ നയത്തെക്കുറിച്ചുള്ള ചർച്ചയുടെ ആദ്യ ഭാഗം ഇന്ന് ഉച്ചയ്ക്ക് 1.45 ന് പ്രക്ഷേപണം ചെയ്യും.

******************************

## പക്ഷിപ്പനി (ഇൻട്രോ)

ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ നോർത്ത്, അമ്പലപ്പുഴ സൗത്ത്, കരുവാറ്റ, പള്ളിപ്പാട് എന്നീ പഞ്ചായത്തുകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചു. പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ......**

(വോയ്സ്)

******************************

## ആറളം വന്യജീവി സങ്കേതം

കണ്ണൂർ ആറളം വന്യജീവി സങ്കേതത്തെ ചിത്രശലഭസങ്കേതമായി പുനർനാമകരണം ചെയ്ത് സർക്കാർ ഉത്തരവായി. ശലഭ വൈവിധ്യം കണക്കിലെടുത്ത് കഴിഞ്ഞ വർഷമാണ് ശലഭസങ്കേതമായി ആറളത്തെ പ്രഖ്യാപിച്ചത്. ഭൂപ്രകൃതിയിലും സസ്യസമ്പത്തിലും വൈവിധ്യം പുലർത്തുന്ന ആറളം 1984-ലാണ് വന്യ ജീവിസങ്കേതമായി മാറിയത്.

RNUTVPM

******************************

## ജലോത്സവം-കൊല്ലം (ഇൻട്രോ)

പ്രസിഡൻറസ് ട്രോഫി ജലോത്സവവും, ചാംപ്യൻസ് ബോട്ട് ലീഗ് ഫൈനലും നാളെ കൊല്ലത്ത് നടക്കും. മന്ത്രി കെ.എൻ. ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാഡിന് സമീപം അഷ്ടമുടിക്കായലിലാണ് മത്സരങ്ങൾ.

**വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ..**

(വോയ്സ്)

******************************

## ശബരിമല

മകരവിളക്കിന് ദിവസങ്ങൾ മാത്രം ശേഷിക്കേ ഭക്തജനത്തിരക്കിൽ ശബരിമല സന്നിധാനം. പമ്പമുതൽ മണിക്കൂറുകൾ നീണ്ട കാത്തുനിൽപ്പിനു ശേഷമാണ് തീർഥാടകർക്ക് ദർശനം ലഭിക്കുന്നത്. ഇന്നു രാവിലെ 11 മണിവരെ 34,115 പേർ ദർശനം നടത്തി

******************************

## വനിതാ പ്രീമിയർ ലീഗ്

വനിതാ പ്രീമിയർ ലീഗിൻറെ നാലാം സീസണിന് ഇന്ന് തുടക്കമാകും. നവിമുംബൈയിലെ ഡോ. ഡി വൈ പാട്ടീൽ സ്പോട്സ് അക്കാദമിയിൽ നടക്കുന്ന ആദ്യ മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, മുംബൈ ഇന്ത്യൻസുമായി ഏറ്റുമുട്ടും. വൈകുന്നേരം 7.30നാണ് മത്സരം.

RNUTVPM

******************************

## ഓഹരി, സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 390 പോയിൻറ് നഷ്ടത്തിൽ 83,791 ലും നിഫ്റ്റി 123 പോയിൻറ് നഷ്ടത്തിൽ 25,754 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണവില വർദ്ധിച്ചു. പവന് 520 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി 1,720 രൂപയും ഗ്രാമിന് 12,715 രൂപയുമാണ് വില.

******************************

## ഇടുക്കി അപകടം

ഇടുക്കി നെടുങ്കണ്ടത്ത് ടോറസ് ലോറി വീടിന് മുകളിലേക്ക് മറിഞ്ഞ് അപകടം. വീട്ടിൽ ഉണ്ടായിരുന്നവർ തലനാരിഴക്ക് രക്ഷപ്പെട്ടു. റോഡ് പണിക്കായി തമിഴ്നാട്ടിൽ നിന്ന് മെറ്റലുമായി എത്തിയ ലോറിയാണ് മറിഞ്ഞത്.

****************************

## ദേശീയപാത-കൊല്ലം

കൊല്ലം ലോകസഭാ മണ്ഡലത്തിലെ ദേശീയപാത 66 ൽ മണ്ണ് നിറച്ച് നിർമ്മിച്ച ഉയരപാതകൾക്ക് പകരം പില്ലറിന്മേലുള്ള ഉയരപാത നിർമ്മിക്കുന്നത് സംബന്ധിച്ച് വിദഗ്ദ്ധ സമിതി പരിശോധന നടത്തി തീരുമാനിക്കും. ഇത് സംബന്ധിച്ച് കേന്ദ്ര ദേശീയപാത - റോഡ് ഗതാഗത വകുപ്പ് സെക്രട്ടറി ഉമാശങ്കർ ഉറപ്പ് നൽകിയതായി എൻ.കെ.പ്രേമചന്ദ്രൻ എം.പി അറിയിച്ചു. കൊട്ടിയം മൈലക്കാട് മണ്ണ് നിറച്ച് നിർമ്മിച്ച ഉയരപാത തകർന്നതിനെ തുടർന്നാണ് പില്ലറിന്മേലുള്ള ഉയരപാത നിർമ്മിക്കണമെന്ന ആവശ്യം ഉയർന്നത്.

RNUTVPM

****************************************************************************************